# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

## പി എം എസ് എ യുപി സ്കൂൾ രാമങ്കുത്ത്


1. ENGLISH - Page 1
2.HINDI - Page 4
3.MALAYALAM - Page 5
4.ARABIC - Page 4
5.SANSKRIT - Page 12
6.URDU - Page 16
7.SOCIAL SCIENCE - Page 19
8.BASIC SCIENCE - Page 22
9.MATHS - Page 24

## മേഖല യു.പി. ഇംഗ്ലീഷ് PMSAUPS RAMANKUTH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിന യത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

'അക്കാദമിക് മാസ്റ്റർ പ്ലാൻ - മേഖല -ഹിന്ദി PMSAUPS RAMANKUTH

| | പ്രോഗ്രാം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | 1)പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന പുതിയ ഹിന്ദി പദങ്ങൾ അക്ഷരങ്ങൾ എന്നിവ മനസ്സിലാക്കി കൊടുക്കുക.. 2)ചിത്രങ്ങൾ അക്ഷരമാല കളികൾ വാക്കുകൾ എഴുതിയ കാർഡുകൾ വാക്ക നിർമ്മാണം എന്നിവ ചെയ്യൽ | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ |
| 2. | 1.തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള കഴിവ് ആർജ്ജിക്കൽ 2.CWSNകുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കും 3. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ, രചനകൾ എന്നിവ വികസിപ്പിക്കാനുള്ള അവസരം. | 1)പാഠപുസ്തക വായനക്ക് വേണ്ടിയുള്ള വിവിധപ്രവർത്തനങ്ങൾ ഉദാഹരണത്തിന് മത്സര വായന, വായന പ്രശ്നോത്തരി ,കൂട്ട വായന എന്നിവ. 2.) ICT സഹായത്തോടെ ഹിന്ദി ചിത്രകഥ, കവിത പ്രദർശനം 3) പാഠനോത്സവം പോലുള്ള വിവിധ പരിപാടികൾ നടത്തും | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ |
| 3. | 1.വീട് ഒരു പരീക്ഷണശാല. നിരന്തരം കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ എഴുതുക. 2. സുരീലി ഹിന്ദി പ്രവർത്തനങ്ങൾ ദിനാചരണം 3. ക്ലബ്ബ് പ്രവർത്തനം' | 1)വീട്ടിൽ ഉപയോഗിക്കുന്ന വിവിധ വസ്തുക്കളുടെ പേര്. 2.) പിന്നോക്കമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം. 3) ദിനാചരണം പ്രത്യേകിച്ച് സപ്തംബർ 14, ജനുവരി 10, പ്രേംചന്ദ് ദിനം എന്നീ ദിനങ്ങളിൽ വിവിധ പരിപാടികൾ നടത്തും. 4.) ഹിന്ദി ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങൾ | ജൂൺ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ |

# മാസ്റ്റർ പ്ലാൻ 2025-26

വിഷയം: മലയാളം — പി.കെ.എം.എസ്. എ.യു.പി സ്കൂൾ, രാമൻകുന്ന്.

| | |
|---|---|
| മേഖല | വായനയും എഴുത്തും |
| പ്രശ്നം | ഭാഷാപരമായ പിന്നോക്കാവസ്ഥ |
| ലക്ഷ്യങ്ങൾ | * എല്ലാകുട്ടികളെയും വായനാശീലമുള്ളവർ ആക്കുക<br>* തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുക<br>* വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടുന്നതിന് അവസരമുണ്ടാക്കുക<br>* രചനാപരമായ കഴിവ് വളർത്തുക<br>* ലൈബ്രറി ശാക്തീകരണം. |

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ഫണ്ട് സ്രോതസ് |
|---|---|---|---|
| ജൂൺ | പ്രീ ടെസ്റ്റ് – വായനയിലും എഴുത്തിലും പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നതിന് തുടക്കം കുറിക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ തരം തിരിക്കൽ, പുസ്തക വിതരണം<br><br>വായനാവാരം – സാഹിത്യ ക്വിസ്, ഇൻലെൻഡ് മാഗസിൻ, പുസ്തക പരിചയം, വായനക്കുറിപ്പ് മത്സരം, വിദ്യാരംഗം ഉദ്ഘാടനം. | SRG | 1000 PTA |
| ജൂലൈ | വായന ഡയറി ആരംഭം, അസംബ്ലിയിൽ പത്രവായന, മഹത് വചനം, പുസ്തക പരിചയം.<br><br>ബഷീർ ദിനാചരണം, കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരം, രക്ഷിതാക്കളുടെ കഥ വായന മത്സരം, ബഷീർ ദിന ക്വിസ്, ബഷീർ കൃതികളുടെ പ്രദർശനം, [illegible]ക്ക് പരിഹാര ബോധനത്തിനുള്ള മൊഡ്യൂൾ അനുസരിച്ച് പരിശീലനം ആരംഭിക്കുന്നു. [illegible]. | SRG | 4000 PTA |

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ചെലവ് |
|---|---|---|---|
| ആഗസ്റ്റ് | കാർഷിക ദിനാചരണം : നാട്ടറിവ് ശേഖരണം, കൃഷിപതിപ്പ് തയ്യാറാക്കൽ<br>സ്വാതന്ത്ര്യദിനാഘോഷം : ദേശഭക്തിഗാനാലാപനം, ക്വിസ്, ദൃശ്യാവിഷ്കാരം<br>വായന ഡയറി വിലയിരുത്തൽ, പത്രക്വിസ്<br>പരിഹാരബോധനം : വിലയിരുത്തൽ<br>കൈത്താങ്ങ് പ്രവർത്തനങ്ങളുടെ തുടർച്ച. | SRG | 1000 PTA |
| സെപ്റ്റംബർ | അധ്യാപക ദിനാചരണം, ആശംസാകാർഡ് തയ്യാറാക്കൽ, അധ്യാപകരെ ആദരിക്കൽ<br>ഓണാഘോഷം, ഓണപ്പാട്ടുകളുടെ ആലാപനം, ഐതിഹ്യം, ദൃശ്യാവിഷ്കാരം, വായന ഡയറി വിലയിരുത്തൽ, ക്വിസ്, പരിഹാരബോധനം, എഴുത്തുകൂട്ടം, വായനക്കൂട്ടം, ദൃഢീകരണം, കൈത്താങ്ങ്, വിജയസ്പർശം പ്രവർത്തനങ്ങൾ തുടർച്ച.<br>സാക്ഷരതാ ദിനാചരണം :- വായന മത്സരം, കയ്യെഴുത്ത് മത്സരം, പ്രസംഗ മത്സരം. | SRG | 1000 PTA |
| ഒക്ടോബർ | ഗാന്ധിജയന്തി : ഗാന്ധിക്വിസ്, ഗാന്ധിവചനങ്ങൾ ശേഖരിക്കൽ, ഗാന്ധികഥകളുടെ അവതരണം, ക്ലാസ് ലൈബ്രറി ശാക്തീകരണം, വായനാഡയറി വിലയിരുത്തൽ, പത്രക്വിസ്<br>വിജയസ്പർശം, കൈത്താങ്ങ്, പദ്ധതികളുടെ തുടർച്ച. | SRG | 2000 |
| നവംബർ | കേരളപ്പിറവി ദിനാചരണം : എന്റെ കേരളം പതിപ്പ് തയ്യാറാക്കൽ, വിദ്യാരംഗത്തിന്റെ നേതൃത്വത്തിൽ നാടൻപാട്ടുകൾ അവതരിപ്പിക്കൽ. അമ്മമാർക്ക് ലൈബ്രറി പുസ്തക വിതരണം. അമ്മ വായന, കുറിപ്പ് തയ്യാറാക്കൽ<br>ശിശുദിനാചരണം :- ആശംസാകാർഡുകൾ മാറ്റം. | SRG PTA | 2000 |

| മാസം | പ്രവർത്തനങ്ങൾ | ചുമതല | ഫണ്ട് ശേഖരണം |
|---|---|---|---|
| നവംബർ-തുടർച്ച | നെഹ്റുവിന്റെ പുസ്തകങ്ങൾ പരിചയപ്പെടൽ വിജയസ്പർശം, കൈത്താങ്ങ് പദ്ധതി പ്രവർത്തനങ്ങൾ പത്രക്വിസ്. | | |
| ഡിസംബർ | ഭിന്നശേഷി ദിനാചരണം:- ഭിന്നശേഷി കുട്ടികളുടെ കലാപരിപാടികൾ, സാഹിത്യ ശില്പശാല, എഴുത്തുകൂട്ടം, വായനക്കൂട്ടം, അമ്മ വായന, വായന ഡയറി മികച്ചത് കണ്ടെത്തൽ സമ്മാനം നൽകൽ. വിജയസ്പർശം കൈത്താങ്ങ് പദ്ധതി പ്രവർത്തനങ്ങൾ ക്രിസ്മസ് ആഘോഷം. ആശംസകാർഡ് നിർമാണം. | SRG PTA | 2000 |
| ജനുവരി | പുതുവത്സരാശംസാകാർഡ് നിർമാണം, കൈമാറൽ, വിദ്യാരംഗം പ്രവർത്തനങ്ങൾ കൈത്താങ്ങ് പ്രവർത്തനം, വിജയസ്പർശം പ്രവർത്തനം തുടർച്ച | SRG | 1000 |
| ഫെബ്രുവരി | വായന ഡയറി വിലയിരുത്തൽ, കൈയെഴുത്ത് മാസികകൾ, പത്രക്വിസ്, കൈത്താങ്ങ് വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ കവിയരങ്ങ്. | SRG | 2000 |
| മാർച്ച് | ഏറ്റവും കൂടുതൽ പുസ്തകം വായിച്ചവർക്ക് സമ്മാനം കുട്ടികളെ ആദരിക്കൽ രക്ഷിതാവിനെ ആദരിക്കൽ. സ്കൂൾ പത്രം തയ്യാറാക്കൽ, കഥയരങ്ങ്. | | |
| | എല്ലാ ദിവസവും നടക്കുന്നവ<br>* പത്രവായന * മഹത്‌വചനങ്ങൾ * പുസ്തക പരിചയം<br>എല്ലാ ആഴ്ചയിലും നടക്കുന്നവ<br>* ലൈബ്രറി ബുക്ക് വിതരണം * ക്ലബ് മീറ്റിംഗ്<br>എല്ലാ മാസവും നടക്കുന്നവ<br>* പത്രക്വിസ്, * വായന ഡയറി വിലയിരുത്തൽ | | |

# PMSAUPS RAMANKUTH

## അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| വായന<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ....... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| എഴുത്ത്<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **<u>ഉൾച്ചേർന്ന വിദ്യാഭ്യാസം</u>**<br><br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തങ്ങൾ | 1 അധ്യയന വർഷം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ | രക്ഷിതാക്കൾ, അധ്യാപകർ |
| 5,6,7 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | പ്രീ ടെസ്റ്റ് നടത്തുക , അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ മാസം | പാഠ പുസ്തകങ്ങൾ | അധ്യാപകർ |
| **<u>പ്രതിഭകളെ കണ്ടെത്തൽ</u>** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>ദിനാചരണങ്ങൾ</u>**<br><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു . | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| **<u>ആസ്വാദനം</u>** | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>അറബി ഭാഷാ ലാബ്</u>** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്,പൂർവ്വ വിദ്യാർത്ഥികൾ,PTA |
| **<u>അറബിക് ഫെസ്റ്റ്</u>**<br><br>അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വിഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

# *PMSAUPS RAMANKUTH*

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം .<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# വിഷയം - ഉർദു അകാദമിക് മാസ്റ്റർ പ്ലാൻ

| ക്രമ ന മ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | മീഠീ ആവാസ് **വായന** | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ. ബാല മാസികകൾ, ഉർദു പത്രങ്ങൾ, വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചര ണങ്ങളിൽ | സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | **കൈയ്യെഴുത്ത് മാഗസിൻ** | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളയുമായ കൈ എഴുത്ത്, എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി,<br>* കയ്യെഴുത്ത് മാസിക<br>* ചുമർ പത്രിക നിർമാണം<br>* വായന കാർഡ് നിർമാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | **ഉർദു ടൈപ്പിംഗ്** | * കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ.<br>* പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഉർദു പത്രം** | ക്ലാസ് തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | ഓൺലൈൻ മീഡിയ **ഡിജിറ്റൽ മാഗസിൻ** | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് മാഗസിൻ തയ്യാറാക്കൽ | അദ്ധ്യായ ന വർഷം | ഉർദു ക്ലബ്ബ് | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഉർദു പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ** | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് | എല്ലാ മാസവും | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വേണ്ടി ക്ലാസ് തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കൽ | | | | |
| 8 | **ഗസൽ & മുശാഇറ** | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും | അധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 5000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | **സാഹിത്യ ക്യാമ്പ്** | കുട്ടികളുടെ രചനാ പരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക<br>ഉർദു സാഹിത്യകാപന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | അധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | **ഷോർട്ട് ഫിലിമുകൾ** | കുട്ടികളിൽ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട് ഫിലിമുകൾ തയ്യാറാക്കൽ. | അധ്യായന വർഷം വിവിധ സന്ദർഭങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 11 | ഹമാരി സബാൻ **ഉർദു ദിനം** | ടാലന്റ് മീറ്റ്<br>അക്ഷര മരം<br>ഭാഷാ സെമിനാർ<br>എന്റെ പതിപ്പ് | നവംബർ 9 | ഉർദു സബ്ജക്ട് കൗൺസിൽ | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 12 | **വായനാ ശാക്തീകരണം** | കുട്ടി വായന<br>അമ്മയും-കുഞ്ഞും വായന<br>ആസ്വാദന കുറിപ്പ്<br>പുസ്തക ചർച്ച<br>ക്വിസ് മത്സരം<br>മെഗാ ക്വിസ് | അധ്യായന വർഷം | പി.ടി.എ, വിദ്യാർഥികൾ, ഉർദു സബ്ജക്ട് കൗൺസിൽ | 3000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 13 | തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **അഭിമുഖ സംഭാഷണം** | ഉർദു സംസാരിക്കുന്നവരുമായും സാഹിത്യകാരന്മാരുമായും അഭിമുഖ സംഭാഷണം നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് | ഉർദു സബ്ജക്ട് കൗൺസിൽ, | | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 15 | **ദിനാചരണങ്ങൾ** | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ, ഭാഷാ ശേഷി വളർത്തുന്നതിനും , സർഗ്ഗാത്മകത വളർത്തുന്നതിനും | അതാത് ദിനാചരണങ്ങളിൽ. | ഉർദു സബ്ജക്ട് കൗൺസിൽ, | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 16 | **തൊഴിൽ നൈപുണി** | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി, വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | അദ്ധ്യായന വർഷം | ഉർദു സബ്ജക്ട് കൗൺസിൽ | പ്രതിക്ഷിത | എച്ച്.എം, സബ്ജക്ട് കൗൺസിൽ |



………………………………

## മേഖല – യു പി സാമൂഹ്യശാസ്ത്രം - PMSAUPS RAMANKUTH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്ര അറിവുകളെ നിരന്തരം പുതുക്കൽ | പത്രങ്ങളിലെ ഓരോ ദിവസത്തേയും പ്രധാന വാർത്തകൾ ബോർഡിൽ പ്രദർശിപ്പിക്കുന്നു | ജൂൺ - മാർച്ച് | SS അധ്യാപകർ | -- |
| 2.കുട്ടികളിൽ ചരിത്രബോധം വളർത്തി എടുക്കൽ | "ചരിത്രത്തിൽ ഇന്ന്" എന്ന് രേഖപ്പെടുത്താൻ ആവശ്യമായ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ച്, ഓരോ ദിവസവും രേഖപ്പെടുത്തൽ നടത്തുന്നു | ജൂൺ - മാർച്ച് | SS അധ്യാപകർ | -- |
| 3.വിവിധ ശിലായുഗ കാലഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ മനസ്സിലാക്കുന്നതിന് | വിവിധ ശിലായുഗ കാലഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ച ഉപകരണങ്ങളുടെ ചിത്ര ആൽബം തയ്യാറാക്കുക | ജൂൺ | SS അധ്യാപകർ | -- |
| 4.വിവിധ കറൻസികളിലെ നിർമ്മിതികൾ തിരിച്ചറിയുന്നതിന് | 10 രൂപ മുതൽ 500 രൂപ വരെയുള്ള നോട്ടുകളിലെ ചരിത്രസ്മാരകങ്ങൾ തിരിച്ചറിയുന്നതിനും, അവ സ്ഥിതി ചെയ്യുന്ന സംസ്ഥാനം മനസ്സിലാക്കുന്നതിനും K-GEOGRAPHY | ജൂൺ | SS അധ്യാപകർ | -- |
| 5.ലോക ഭൂപടത്തിൽ വിവിധ രാജ്യങ്ങളുടെ സ്ഥാനം മനസ്സിലാക്കുന്നതിന് | ഐസിടി, മാർബിൾ സഹായത്തോടെ ലോകത്തിലെ വിവിധ രാജ്യങ്ങൾ പരിചയപ്പെടുന്നു | ജൂലൈ- ഒക്ടോബർ | SS അധ്യാപകർ | -- |
| 6.തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിന് | സ്കൂൾ ഇലക്ഷൻ | ജൂലൈ | SS അധ്യാപകർ | -- |
| 7.ഭക്തി സൂഫി പ്രസ്ഥാനത്തിന്റെ പ്രവാചകർ, സവിശേഷതകൾ മനസ്സിലാക്കുന്നതിന് | ഐസിടി സഹായത്തോടുകൂടി ചിത്ര ആൽബം തയ്യാറാക്കുന്നു | ജൂലൈ | SS അധ്യാപകർ | -- |

| | | | | |
|---|---|---|---|---|
| 8.യുദ്ധവിരുദ്ധ മനോഭാവം രൂപപ്പെടുത്തുന്നതിന് | യുദ്ധവിരുദ്ധ ദിനത്തോടനുബന്ധിച്ച് യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ പ്ലേക്കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. | ആഗസ്റ്റ് | SS അധ്യാപകർ | -- |
| 9.ബാലാവകാശ നിയമങ്ങൾ മനസ്സിലാക്കുന്നതിന് | ബാലാവകാശ നിയമങ്ങൾ അടങ്ങുന്ന ലഘുലേഖ തയ്യാറാക്കുന്നു | ആഗസ്റ്റ് | SS അധ്യാപകർ | -- |
| 10.ശാരീരിക മാനസിക വെല്ലുവിളികൾ അതിജീവിച്ച് ജീവിതവിജയം നേടിയവരെ കുറിച്ച് മനസ്സിലാക്കുന്നതിന് | ശാരീരിക മാനസിക വെല്ലുവിളികൾ അതിജീവിച്ച് ജീവിതവിജയം നേടിയ വ്യക്തികളെ കുറിച്ചുള്ള പത്രവാർത്ത, ചിത്രങ്ങൾ അടങ്ങിയ പതിപ്പ് | സെപ്റ്റംബർ | SS അധ്യാപകർ | -- |
| 11.കളികളിലൂടെ സംസ്ഥാനങ്ങളെ പരിചയപ്പെടൽ | സംസ്ഥാനങ്ങൾ ജിഗ്സോ പസിൽ രൂപത്തിൽ ആക്കി ഓരോ ക്ലാസ്സിനും നൽകുന്നു. പോയിന്റുകൾ നൽകുന്നു | സെപ്റ്റംബര് | SS അധ്യാപകർ | -- |
| 12.വിവിധ ഭൂഖണ്ഡങ്ങളുടെ സ്ഥാനം മനസ്സിലാക്കുന്നതിനും അവയെക്കുറിച്ചുള്ള ധാരണ നേടുന്നതിനും | ഐസിടി (മാർബിൾ) സഹായത്തോടെ ലോകത്തിലെ വിവിധ ഭൂഖണ്ഡങ്ങളുടെ സ്ഥാനം മനസ്സിലാക്കുകയും സവിശേഷതകൾ നിരീക്ഷിക്കുകയും ചെയ്യുന്നു | ഒക്ടോബർ | SS അധ്യാപകർ | -- |
| 13.ഗ്രാമസഭ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ധാരണകൾ നേടുന്നതിനും | ക്ലാസ് തലത്തിൽ നോട്ടീസ് നൽകി ഗ്രാമസഭ വിളിച്ചുചേർക്കുന്നു പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു | നവംബർ | SS അധ്യാപകർ | -- |
| 14.കുടുംബ ബജറ്റിനെ കുറിച്ചുള്ള ധാരണ ലഭിക്കുന്നതിന് | വിവിധ കുടുംബങ്ങളുടെ വരവ് ചിലവ് കണക്കുകൾ പ്രദർശിപ്പിക്കുന്നു. മിച്ച ബജറ്റ് തയ്യാറാക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നു. | ഡിസംബർ | SS അധ്യാപകർ | -- |

| | | | | |
|---|---|---|---|---|
| 15.പ്രാദേശിക ചരിത്രരചനയ്ക്കുള്ള ശേഷി നേടുന്നതിന് | അന്വേഷണാത്മക പ്രവർത്തനത്തിലൂടെപ്രാദേശിക ചരിത്രരചന തയ്യാറാക്കുന്നു.. | ജനുവരി | SS അധ്യാപകർ | -- |
| 16.പ്ലാസ്റ്റിക്കിനെതിരെ അവബോധം വളർത്തുന്നതിന് | പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രത്തിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു | മാർച്ച് | പി.ടി.എ | RS 200 per head |

| മേഖല യു.പി. സയൻസ് | | | | PMSAUPS RAMANKUTH |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവ സരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതി നായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജന പ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്ര ങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷ ണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂല കങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# മേഖല യു.പി. ഗണിതം മാസ്റ്റർ പ്ലാൻ പി എം എസ് എ യു പി സ്കൂൾ രാമൻകുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |